# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1413 03.05.2017 -ലെ മറുപടി

## പ്ലാച്ചിമടയിലെ ജലചൂഷണ ഇരകൾക്ക് നഷ്ടപരിഹാരം

**ചോദ്യം** **മറുപടി**

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

പിണറായി വിജയൻ
(മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| എ) | കൊക്കോകോള കമ്പനിയുടെ പ്ലാച്ചിമടയിലെ ജലചൂഷണ ഇരകൾക്ക് നഷ്ടപരിഹാരം ഈടാക്കി നൽകുന്നതിനുള്ള ബിൽ രാഷ്ട്രപതി തിരിച്ചയച്ച സാഹചര്യത്തിൽ തുടർനടപടിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; | എ) യും ബി) യും സി) യും | 24.02.2011 ൽ കേരള നിയമസഭ പാസ്സാക്കി, ഗവർണ്ണർ രാഷ്ട്രപതിയുടെ അനുമതിക്കായി അയച്ചിരുന്ന കേരള പ്ലാച്ചിമട കൊക്കകോള ബിൽ രാഷ്ട്രപതി 20.11.2015 ന് അനുമതി withhold ചെയ്ത് തിരിച്ചയച്ചിട്ടുള്ളതാണ്. പ്രസ്തുത ബില്ലിലെ വിഷയം ഭരണഘടനയുടെ 253-ാം അനുച്ഛേദപ്രകാരം പാർലമെന്റ് പാസ്സാക്കിയ 2010-ലെ ഗ്രീൻ ട്രൈബ്യൂണൽ ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. ആയതിനാൽ കേരള സംസ്ഥാന നിയമസഭയ്ക്ക് ഈ ബിൽ പുനരവതരിപ്പിക്കാൻ കഴിയില്ല എന്നാണ് നിയമോപദേശം ലഭിച്ചിട്ടുള്ളത്. നഷ്ടപരിഹാരം കമ്പനിയിൽ നിന്നും നേടിയെടുക്കാൻ സാധ്യമായ മാർഗ്ഗം ഉണ്ടോ എന്ന് നിയമപരമായി പരിശോധിച്ചു വരുന്നു |
| ബി) | ജലചൂഷണ ഇരകൾക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം ഉറപ്പാക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |
| സി) | ഈ വിഷയത്തിൽ ഇനിയും കാല താമസമുണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തുമോ? | | |

സെക്ഷൻ ഓഫീസർ